**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4785** **02-07-2024 - ൽ മറുപടിയ്ക്ക്**

**നാട്ടരങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാംസ്കാരിക വകുപ്പിന്റെ നാട്ടരങ്ങ് എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തി രംഗവേദികൾ ഒരുക്കുന്ന പദ്ധതിയാണ് നാട്ടരങ്ങ് പദ്ധതി. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും നാട്ടരങ്ങ് പദ്ധതി വിഭാവനം ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി വട്ടിയൂർക്കാവ് മണ്ഡലത്തിൽ തിരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ കൊടുങ്ങാനൂർ വാർഡിലെ കുലശേഖരം ജംഗ്ഷന് സമീപം ശ്രീമുത്താരമ്മൻ ക്ഷേത്രത്തിലേക്കുള്ള റോഡിനും ആർച്ചിനും ഇടതു വശത്തായും കുലശേഖരം ജംഗ്ഷനിലെ ആൽത്തറയ്ക്ക് അഭിമുഖമായും കിടക്കുന്ന 5 സെന്റ് സ്ഥലത്ത് നാട്ടരങ്ങ് സ്ഥാപിക്കുവാനായി സ്ഥലത്തിന്റെ റവന്യൂ രേഖകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ